# കേരള നിയമസഭ
## 26.06.2014–ലെ മറുപടിക്ക്

<u>ഭക്ഷ്യ വിതരണത്തിനായി എൻഡ് ടു എൻഡ് പദ്ധതി</u>

4493 ശ്രീ. ബെന്നി ബെഹനാൻ
,, കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവിതരണത്തിനായി 'എൻഡ് ടു എൻഡ്' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) റേഷൻ വിതരണത്തിന് പ്രസ്തുത പദ്ധതിപ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>വേൾഡ് ഫുഡ് പ്രോഗ്രാമുമായി ധാരണാപത്രം</u>

4494 ശ്രീ. പി.എ. മാധവൻ
'' റ്റി.എൻ. പ്രതാപൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനത്തിന്റെ സമഗ്രവികസനത്തിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണ പദ്ധതി നടപ്പാക്കുന്നതിന് ഐക്യരാഷ്ട്രസഭയുടെ സഹകരണം തേടാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി വേൾഡ് ഫുഡ് പ്രോഗ്രാമുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത കരാർ വഴി ലഭിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം മേഖലകളിലെ നവീകരണത്തിനായാണ് സഹായം ലഭിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സുതാര്യവൽകൃത പോർട്ടൽ</u>

4495 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ രംഗത്ത് സുതാര്യവൽകൃത പോർട്ടൽ നടപ്പിലാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത് ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്താൻ നടപടി</u>

4496 ശ്രീ. പി. ഉബൈദുള്ള
,, പി. ബി. അബ്ദുൾ റസാക്
,, കെ. മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണശൃംഖലവഴിയുള്ള ഭക്ഷ്യധാന്യവിതരണം കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടികൾമൂലം ഭക്ഷ്യധാന്യവിതരണം കാര്യക്ഷമമാക്കാനും അർഹരായവർക്കെല്ലാം ന്യായവിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും സാധിച്ചിട്ടുണ്ടോ;

(സി) 2013-14-ൽ അനധികൃതമായി കടത്തുകയോ ശേഖരിച്ചുവയ്ക്കുകയോ ചെയ്ത റേഷൻ ഭക്ഷ്യവസ്തുക്കൾ സർക്കാർ ഏജൻസികൾ പിടികൂടിയിട്ടുണ്ടോ; എങ്കിൽ എവിടെ നിന്നെല്ലാം എത്രത്തോളം പിടികൂടിയെന്നതിന്റെ കണക്കുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷ നിയമവും പുതിയ റേഷൻകാർഡു വിതരണവും</u>

4497 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ റേഷൻകാർഡുകൾ പുതുക്കി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടികൾ എന്ന് ആരംഭിക്കുമെന്ന് വിശദമാക്കുമോ;

(സി) റേഷൻ കാർഡ് പുതുക്കുന്നതോടൊപ്പം അർഹതയുള്ള വർക്ക് ബി.പി.എൽ കാർഡുകൾ ഇതോടൊപ്പം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>ആർ. സി. എം. എസ്.ഇ വെരിഫിക്കേഷൻ സേവനങ്ങൾ</u>

4498 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, സി. പി. മുഹമ്മദ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ. പി. ഡി. എസ്. പ്രകാരം ആർ. സി. എം. എസ്.ഇ വെരിഫിക്കേഷൻ സേവനങ്ങൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

(സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനുവേണ്ടി ലഭിക്കുന്നത്?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

എഫ്. എം. പി. ഡി. എസ്

4499 ശ്രീ. പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.പി.ഡി.എസ് പ്രകാരം എഫ്.എം.പി.ഡി.എസ് നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനുവേണ്ടി ലഭിക്കുന്നത്?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>'ഒരു താലൂക്കിൽ ഒരു കേന്ദ്രം' പദ്ധതി</u>

4500 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങളുടെ സംഭരണത്തിന് 'ഒരു താലൂക്കിൽ ഒരു കേന്ദ്രം' എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) റാന്നി താലൂക്കിൽ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിട്ടിട്ടുണ്ടോ; എങ്കിൽ തടസ്സം നീക്കം ചെയ്ത് സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) ഏറ്റെടുത്ത വസ്തുവിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിർമ്മാണം പൂർത്തിയാക്കി എന്ന് പ്രവർത്തനമാരംഭിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>റേഷൻകടകളുടെ സോൾവെൻസി സിസ്റ്റം</u>

4501 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ സോൾവെൻസി സിസ്റ്റം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് അവസാനിപ്പിക്കാനുള്ള കാരണം അറിയിക്കുമോ;

(ബി) കാഷ് ഡെപ്പോസിറ്റ് ആയി ഇപ്പോൾ എന്തു തുകയാണ് കളക്റ്റ് ചെയ്യുന്നത്; ഈയിനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടിയിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>കേന്ദ്രവിഹിതമായി ലഭിച്ച ഭക്ഷ്യധാന്യങ്ങള്‍</u>

4502 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം കേന്ദ്രവിഹിതമായി എത്ര അളവ് ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും ലഭിച്ചിട്ടുണ്ട്; വര്‍ഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കേന്ദ്രം അനുവദിച്ച അളവില്‍ പൂര്‍ണ്ണമായും ഗോതമ്പ്, അരി, പഞ്ചസാര എന്നിവ സംസ്ഥാനം വാങ്ങിയിട്ടുണ്ടോ; ഇല്ലെങ്കില്‍ എന്തുകൊണ്ട്; വര്‍ഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി, വടകര താലൂക്കുകളിലെ റേഷൻ വിതരണം</u>

4503 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി, വടകര താലൂക്കുകളിൽ റേഷൻ വിതരണം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആർ. ഡി. സി. വർദ്ധനവുമൂലവും എഫ്. സി. ഐ. ഗോഡൗണിൽ ജീവനക്കാർ ഇല്ലാത്തതുമൂലവും സിവിൽ സപ്ലൈസ് ഡിപ്പോകളിലേക്ക് ആവശ്യത്തിന് ധാന്യങ്ങൾ എത്തുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നത്തിന് അടിയന്തര പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് വകുപ്പിലെ വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം</u>

4504 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ച വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം വിശദമാക്കുമോ ;

(ബി) റേഷൻ സാധനങ്ങളുടെ വിതരണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി പ്രസ്തുത വിജിലൻസ് കമ്മിറ്റികൾ കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സപ്ലൈകോയിലെ അഴിമതി തടയുന്നതിന് നടപടി</u>

4505 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ സാധനങ്ങൾ വാങ്ങുന്നതിനായി കഴിഞ്ഞ സർക്കാർ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മാനദണ്ഡങ്ങളിൽ ഈ സർക്കാർ എന്തെല്ലാം മാറ്റങ്ങൾ വരുത്തി; വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് പരാതികളും സാധനങ്ങൾ വാങ്ങുന്നതിലെ അഴിമതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കരാറുകാർ സപ്ലൈകോയ്ക്ക് നൽകുന്ന സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്താറുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) 2014 വർഷം വിപണിവിലയെക്കാൾ കൂടുതൽ തുക നല്കി ഏതൊക്കെ സാധനങ്ങൾ വാങ്ങി;

(എഫ്) ഇത്തരത്തിൽ വിപണി വിലയെക്കാൾ കൂടുതൽ വിലയ്ക്ക് സാധനങ്ങൾ വാങ്ങി അഴിമതിക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഉന്നതതല അന്വേഷണം നടത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ജി) നിലവിൽ സപ്ലൈകോ ഏതെല്ലാം അന്യസംസ്ഥാനങ്ങളിലെ കരാറുകാരിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നു;

(എച്ച്) സപ്ലൈകോയിൽ ടെണ്ടർ നടപടി അടക്കമുള്ളവ കൈകാര്യം ചെയ്യുന്ന തന്ത്രപ്രധാന സീറ്റുകളിൽ ജോലി നോക്കുന്നവരിൽ വിജിലൻസ് അന്വേഷണമോ, വകുപ്പുതല അന്വേഷണമോ നേരിടുന്നവർ ഉണ്ടോ; ഉണ്ടെ

ങ്കിൽ അവർ ആരൊക്കെ; ഇത്തരക്കാരെ പ്രധാന തസ്തികകളിൽ നിന്ന് ഒഴിവാക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഐ) സപ്ലൈകോയിലെ അഴിമതിയുമായി ബന്ധപ്പെട്ട് ഉന്നത ഐ.എ.എസ് ഉദ്യോഗസ്ഥർ ഈ വകുപ്പിന്റെ ചുമതല ഏറ്റെടുക്കാൻ വിമുഖത കാട്ടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സപ്ലൈകോയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് സമഗ്രമായ അന്വേഷണത്തിന് തയ്യാറാകുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>റേഷൻകാർഡുകൾ സ്മാർട്ട് കാർഡുകൾ ആക്കാൻ പദ്ധതി</u>

4506 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻകാർഡുകൾ സ്മാർട്ട് കാർഡുകൾ ആക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത്;

(ബി) ഒരു കാർഡിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും ആയത് ആരിൽനിന്ന് ഈടാക്കുമെന്നും പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>പുതിയ റേഷൻ കാർഡുകൾ</u>

4507 ശ്രീ. കെ. രാധാകൃഷ്ണൻ
,, സി. കൃഷ്ണൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുതിയ റേഷൻ കാർഡുകൾ സംസ്ഥാനത്ത് എത്ര ഉപഭോക്താക്കൾക്ക് നൽകും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

രോഗബാധിതർക്കുള്ള ബി. പി. എൽ കാർഡുകൾ

T4508 ശ്രീ.ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ, വൃക്ക എന്നിവ സംബന്ധമായ അസുഖം ബാധിച്ചവർ ഉൾപ്പെട്ട കുടുംബങ്ങൾക്കും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെട്ട കുടുംബങ്ങൾക്കും എ. പി. എൽ. വിഭാഗത്തിൽ നിന്ന് ബി.പി. എൽ. വിഭാഗത്തിലേക്ക് മാറ്റി റേഷൻ കാർഡ് നൽകുന്നതിന് ഇളവ് അനുവദിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർ അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത്;

(ഡി) പ്രസ്തുത അപേക്ഷകളിൻമേൽ എത്ര നാൾക്കകം നടപടിയുണ്ടാകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ബി. പി. എൽ കാർഡുകൾ കൈവശം വച്ചിരിക്കുന്ന സർക്കാർ ജീവനക്കാർ</u>

4509 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബി. പി. എൽ കാർഡുകൾ കൈവശം വച്ചിരിക്കുന്ന സർക്കാർ ജീവനക്കാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നതോടൊപ്പം അർഹതയുള്ള എല്ലാ പാവപ്പെട്ടവർക്കും ബി. പി. എൽ കാർഡ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>കാസർഗോഡ് ജില്ലയിലെ ബി. പി. എൽ. കാർഡുകൾ</u>

4510 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ 2014 എപ്രിൽവരെ അനുവദിക്കപ്പെട്ട റേഷൻ കാർഡുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര പേർ ബി. പി. എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കുട്ടമംഗലത്ത് പുതിയ റേഷൻ കട</u>

4511 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മുട്ടിൽ പഞ്ചായത്തിൽ കുട്ടമംഗലത്ത് പുതിയ റേഷൻ കട അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് ഉത്തരവായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കുട്ടമംഗലത്ത് പുതിയ റേഷൻ കട എന്ന് ആരംഭിക്കുമെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>റേഷന്‍ വിതരണ വാഹനങ്ങളില്‍ ജി. പി. എസ്.</u>

4512 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിന്‍സെന്റ്
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ വിതരണത്തിന് ഏര്‍പ്പെടുത്തുന്ന വാഹനങ്ങളില്‍ ജി. പി. എസ്. പദ്ധതി പ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് ഏര്‍പ്പെടുത്തിയിട്ടുള്ളത്;

(ബി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>റേഷൻകടകളുടെ കമ്പ്യൂട്ടർവത്ക്കരണം</u>

4513 ശ്രീ. കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണ പദ്ധതി നടപ്പാക്കുന്നതിന് ഐക്യരാഷ്ട്ര സഭയുടെ സഹകരണം തേടാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി വേൾഡ് ഫുഡ് പ്രോഗ്രാമുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത കരാർ വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) റേഷൻകടകൾ ലാഭകരമാക്കാനുള്ള വിഷയം കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം</u>

4514 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് എന്തു തുകയാണ് നീക്കിവച്ചിരിക്കുന്നത്;

(ബി) എത്ര നാളുകൾക്കുള്ളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

### സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പുതിയ വിപണന കേന്ദ്രങ്ങൾ

4515 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എത്ര വിപണന കേന്ദ്രങ്ങളാണ് പുതുതായി ആരംഭിച്ചത്; എവിടെയൊക്കെ; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) നിത്യോപയോഗസാധനങ്ങൾ എത്ര ശതമാനം ലാഭമെടുത്താണ് കോർപ്പറേഷൻ ചില്ലറ വില്പന നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ നടപടി</u>

4516 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാവേലി സ്റ്റോറുകളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താന്‍ നിലവില്‍ സ്വീകരിച്ചിരിക്കുന്ന നടപടികള്‍ വിശദമാക്കുമോ;

(സി) സ്വകാര്യ സൂപ്പര്‍മാര്‍ക്കറ്റുകളിലേതുപോലെ ഓരോ ഉല്പന്നത്തിനും പ്രത്യേക വിഭാഗം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ചാലക്കുടി മണ്ഡലത്തിൽ പുതിയ മാവേലിസ്റ്റോറുകൾ

4517 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി പഞ്ചായത്തിലെ വാലുങ്ങാമുറിയിലും, മേലൂർ പഞ്ചായത്തിലെ അടിച്ചിലിയിലും പുതിയ മാവേലിസ്റ്റോറുകൾ അനുവദിക്കുന്നതു സംബന്ധിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) ചാലക്കുടിയിൽ സിവിൽസപ്ലൈസ് വകുപ്പിനു കീഴിൽ പെട്രോൾ പമ്പും ഗ്യാസ് ഔട്ട്ലെറ്റും സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

വിലക്കയറ്റം തടയുന്നതിന് നടപടി

4518 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവശ്യസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങളിലെത്തിക്കുന്നതിനും വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിനും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപണിയിൽ ഇടപെടുന്നതിന് പ്രതിമാസം എത്ര രൂപ ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) റംസാൻ, ഓണം തുടങ്ങിയ ആഘോഷങ്ങൾ അടുത്തതിനാൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിലനിയന്ത്രണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>സപ്ലൈകോയിലെ ടെൻഡർ നടപടികൾ</u>

4519

ശ്രീ. വി. ശിവൻകുട്ടി
,, എ. എം. ആരിഫ്
,, ബാബു എം. പാലിശ്ശേരി
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിൽ കുറവ് വന്നിട്ടുണ്ടോ;

(ബി) ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികളിൽ കാലതാമസം നേരിടുന്നുണ്ടോ;

(സി) കമ്പോള വിലയെക്കാളും ഉയർന്ന വിലയ്ക്ക് സാധനങ്ങൾ വാങ്ങേണ്ടതായ സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഇതിനായി ചില കരാറുകാർ നടത്തുന്ന നീക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സപ്ലൈകോയിൽ സാധനങ്ങളുടെ വിൽപ്പനയും ഗുണമേന്മ പരിശോധനയും</u>

4520 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ സബ്സിഡി സാധനങ്ങളുടെ വിൽപ്പന ഇരുപത് ശതമാനമാക്കാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിന് കരാർ എടുത്തിട്ടുള്ള ലിമിറ്റഡ് കമ്പനികളോട് ലാഭം കൂട്ടിത്തരണമെന്ന് ആവശ്യപ്പെട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാധനങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്ന ക്വാളിറ്റി അഷ്വറൻസ് കൺട്രോളർമാരോട് പരിശോധനയിൽ നിന്ന് വിട്ടുനിൽക്കാൻ വാക്കാൽ നിർദ്ദേശം നൽകിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകളിൽകൂടി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം</u>

4521 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി. ഗീതാ ഗോപി
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി. ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളിൽകൂടി വിതരണംചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതു വിപണിയിൽനിന്നും സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും സാധനങ്ങൾ വാങ്ങി വിതരണം ചെയ്യാറുണ്ടോ; എങ്കിൽ ഇത്തരത്തിൽ സാധനങ്ങൾ വാങ്ങുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) നിലവാരം കുറഞ്ഞ സാധനങ്ങൾ നൽകിയതിന് എത്ര കമ്പനികളെയും മില്ലുകളെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മാവേലി സ്റ്റോറുകൾവഴിയുള്ള സാധനങ്ങളുടെ വിറ്റുവരവ് 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ശബരി വെളിച്ചെണ്ണയുടെ വില വർദ്ധനവ്</u>

4522 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ശബരി വെളിച്ചെണ്ണയുടെ വില വർദ്ധിപ്പിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അനുമതി തേടിയിട്ടുണ്ടോ;

(ബി) സ്വകാര്യ വെളിച്ചെണ്ണലോബിയുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് വില വർദ്ധിപ്പിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓരോ ഔട്ട്ലെറ്റിനും നൽകിവരുന്ന വെളിച്ചെണ്ണയുടെ അളവ് വ്യക്തമാക്കുമോ;

(ഡി) നൽകിവരുന്ന വെളിച്ചെണ്ണയുടെ അളവ് വെട്ടിക്കുറച്ച നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആയത് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സപ്ലൈകോയിൽ സാധനങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ</u>

4523 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലേക്ക് സാധനങ്ങൾ വാങ്ങുന്നതിന് 2014 മേയ് മാസത്തിൽ ടെണ്ടർ പൂർത്തീകരിച്ച് ഏതെങ്കിലും വിതരണക്കാർ കരാർ ഉറപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഏജൻസി/കമ്പനിയുടെ പേരും വിലാസവും വിശദമാക്കുമോ;

(സി) കരാർപ്രകാരം വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനങ്ങളും അതിന്റെ വിലയും വിശദമാക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

നെല്ല് സംഭരണവും വിലമാനദണ്ഡവും

T4524 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലുസംഭരണം കാര്യക്ഷമമാക്കുന്നതിനും സംഭരിക്കുന്ന നെല്ലിന്റെ വില യഥാസമയം കൃഷിക്കാർക്ക് നൽകുന്നതിനും പുതുതായി സർക്കാർ എന്തു പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനും അതിന് കാലാകാലങ്ങളിൽ സംഭരണ വില നിശ്ചയിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; കർഷകർക്ക് കൃഷി ആവശ്യത്തിന് ചെലവാകുന്ന തുകയുടെ എത്ര മടങ്ങാണ് സംഭരണവിലയായി നിശ്ചയിക്കുന്നത് എന്ന് അറിയിക്കുമോ; ഓരോ വർഷവും നെല്ല് സംഭരിക്കുന്നതിനുള്ള തുക വകുപ്പ് മാറ്റി വയ്ക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം</u>

4525 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ വർഷം സപ്ലൈകോ വഴി സംഭരിച്ച നെല്ല് മുഴുവനും അരിയാക്കി പൂർണ്ണമായും സപ്ലൈകോ വഴി തന്നെയാണോ വിതരണം ചെയ്തുവരുന്നത്; ഇപ്രകാരം എത്ര ടൺ അരി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

വിവിധ ഏജൻസികൾ വഴിയുള്ള നെല്ല് സംഭരണം

T4526 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം ഏജൻസികളാണ് നെല്ല് സംഭരിക്കുന്നത്;

(ബി) അവസാനമായി നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചത് എപ്പോഴാണ്;

(സി) ഇപ്പോൾ നെല്ലിന്റെ സംഭരണവില ക്വിന്റലിന് എത്രയാണ്;

(ഡി) 2013-2014-ലെ വിവിധ സീസണുകളിലായി എത്ര നെല്ല് സംഭരിക്കുകയുണ്ടായി;

(ഇ) ഓരോ എജൻസിയും എത്ര വീതം സംഭരിച്ചു; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>നെല്ലിന്റെ സംഭരണ വില</u>

T4527 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയായാണ് വർദ്ധിപ്പിക്കുന്നത്?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം</u>

T4528 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013-14 വര്‍ഷത്തെ പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം സംബന്ധിച്ച വിശദാംശം നല്‍കുമോ; മുന്‍ വര്‍ഷത്തെ അപേക്ഷിച്ച് എത്ര ടണ്‍ നെല്ലാണ് അധികമായി സംഭരിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളെയാണ് നെല്ല് സംഭരണത്തിന്റെ ചുമതല ഏല്‍പ്പിച്ചത്; വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>നാട്ടിക മണ്ഡലത്തിലെ നെൽ കർഷകർക്ക് കുടിശ്ശിക നൽകാൻ നടപടി</u>

T4529 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ നാട്ടിക മണ്ഡലത്തിൽ നിന്ന് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയും നെല്ല് സംഭരിച്ചിട്ടുണ്ടോ; സംഭരിച്ച നെല്ലിന്റെ കണക്ക് വിശദമാക്കുമോ;

(ബി) സംഭരിച്ച മുഴുവൻ നെല്ലിന്റെ വിലയും ഇതിനകം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കുടിശ്ശിക തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കുടുശ്ശികത്തുക കർഷകർക്ക് എപ്പോൾ കൊടുത്തു തീർക്കാനാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>അമിത വില ഈടാക്കുന്നതിനെതിരെ നടപടി</u>

4530 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർ കൂടുതലായി ആശ്രയിക്കുന്ന ഭക്ഷണശാലകളിലെ ഗുണനിലവാരവും വിലനിലവാരവും പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പല ഹോട്ടലുകളിലും അമിത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2014 വർഷത്തിൽ പാലക്കാട് ജില്ലയിൽ ഇത്തരത്തിൽ പരിശോധനകൾ നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പാചകവാതക ബുക്കിംഗ് സംവിധാന പരിഷ്കരണം</u>

4531 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാചകവാതക ബുക്കിംഗ് സംവിധാനം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എൽ. പി. ജി. ബോട്ടിലിംഗ് പ്ലാന്റുകൾ അവശ്യസേവന സംരക്ഷണ നിയമത്തിനു കീഴിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പാചകവാതക വിതരണ ഏജന്‍സികള്‍</u>

4532 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സംസ്ഥാനത്ത് എത്ര പാചകവാതകവിതരണ ഏജന്‍സികള്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>പാചകവാതക വിതരണ ഏജൻസികളിലെ വിജിലൻസ് റെയ്ഡ്</u>

4533 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകവാതക വിതരണ ഏജൻസികളിൽ സംസ്ഥാന വ്യാപകമായി വിജിലൻസ് നടത്തിയ റെയ്ഡിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയതെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഏജൻസികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; ആയതിലേക്കായി രണ്ടുമാസത്തിലൊരിക്കൽ പരിശോധന നടത്തുവാൻ ജില്ലാതല ഓഫീസർമാർക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>ഗ്യാസ് വിതരണ ഏജൻസികളുടെ പ്രവർത്തനം</u>

4534 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവധ ഗ്യാസ് കമ്പനികൾ പൊതുവിതരണത്തിനായി സംസ്ഥാനത്താകമാനം എത്ര ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2011 ന് ശേഷം നാളിതുവരെ എത്ര ഏജൻസികളുടെ അംഗീകാരം റദ്ദാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഗ്യാസ് വിതരണ ഏജൻസികൾ ഉപഭോക്താവിന് യഥാസമയം സിലിണ്ടർ നൽകാതെ വർഷാവസാനത്തിനുള്ളിൽ അനുവദിച്ചിട്ടുള്ള 12 സബ്സിഡി ഗ്യാസ് സിലിണ്ടറുകൾ വാങ്ങാൻ കഴിയാതെ വരുന്നതും തുടർ വർഷങ്ങളിലും ഇത്തരത്തിൽ സംഭവിക്കുന്നതും അതിലൂടെ ഏജൻസികൾ വെട്ടിപ്പുനടത്തി ഉപഭോക്താവിനെ കബളിപ്പിക്കുന്നതും തടയുവാൻ എന്തു നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ;

(ഡി) ഗ്യാസ് ഏജൻസികൾ തിരിമറി നടത്തുന്നത് തടയുവാനായി സിവിൽ സപ്ലൈസ് ഓഫീസുകളിൽ പരാതി പരിഹാര കൗണ്ടറുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഏജൻസികൾക്ക് ഓരോന്നിനും എത്ര കണക്ഷനുകളുടെ ക്വാട്ടയാണ് കമ്പനികൾ നിശ്ചയിച്ചിട്ടുള്ളത്; കൂടുതൽ കണക്ഷനുകൾ ഏതൊക്കെ ഏജൻസികളാണ് കൈകാര്യം ചെയ്യുന്നത്; അവ എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(എഫ്) ഗ്യാസ് വിതരണ ഏജൻസികളുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ, കൂടുതൽ കണക്ഷനുകളുള്ളവ ക്രമീകരിച്ച് പുതിയ ഏജൻസികൾ തുടങ്ങുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ജി) നിലവിൽ സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് ഗാർഹിക ഗ്യാസ് കണക്ഷനുകൾ ഉണ്ട് എന്ന് അറിയിക്കുമോ; ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഒരു ഗാർഹിക ഗ്യാസ് സിലിണ്ടറിന്റെ വില എത്രരൂപയായിരുന്നുവെന്നും ഇപ്പോൾ എത്ര രൂപയാണെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>പെട്രോൾ പമ്പുകളിലൂടെ വിതരണം ചെയ്യുന്ന ഇന്ധനങ്ങളുടെ ഗുണനിലവാരം</u>

4535 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിലൂടെ വിതരണം ചെയ്യുന്ന ഇന്ധനങ്ങളുടെ ഗുണനിലവാരവും പരിശോധിക്കുന്നതിന് ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) അതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പമ്പുകളിൽ ഉപഭോക്താക്കൾക്ക് സൗജന്യമായി ഒരുക്കേണ്ട സൗകര്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഡി) ഗുണനിലവാരം, സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ ആർക്കാണ് നൽകേണ്ടത്; അത്തരം പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് പരാതിക്കാരന് മറുപടി നൽകാനുള്ള നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>പീപ്പിൾസ് ബസാറുകൾ</u>

4536 ശ്രീ. വി. ഡി. സതീശൻ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകൾ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) ഇതിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതുകൊണ്ട് ജനങ്ങൾക്കുള്ള പ്രയോജനം വ്യക്തമാക്കുമോ;

(ഡി) നിത്യോപയോഗ സാധനങ്ങൾ പീപ്പിൾസ് ബസാറിൽ ലഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

റേഷന്‍ സാധനങ്ങളുടെ അനധികൃത കടത്ത്

4537 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി അരി ഉള്‍പ്പെടെയുള്ള റേഷന്‍ സാധനങ്ങള്‍ കള്ളക്കടത്ത് നടത്തുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കില്‍ കഴിഞ്ഞ നാലു വര്‍ഷത്തിനിടയില്‍ അത്തരത്തിലുള്ള എത്ര സംഭവങ്ങള്‍ കണ്ടെത്തിയിട്ടുണ്ട് ; എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട് ; വിശദാംശം നല്‍കുമോ ;

(ബി) ഇതില്‍ 2011 മേയ് മുതല്‍ സിവില്‍ സപ്ലൈസ് വകുപ്പ് കണ്ടെത്തിയ കള്ളക്കടത്തുകളുടെ എണ്ണവും പിടിച്ചെടുത്ത സാധനങ്ങളുടെ അളവും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) നാട്ടുകാരുടെയും പോലീസിന്റെയും ഇടപെടലിനെത്തുടര്‍ന്ന് 2011 മേയ് മുതല്‍ കണ്ടെത്തിയ കള്ളക്കടത്തുകളുടെ എണ്ണവും പിടിച്ചെടുത്ത സാധനങ്ങളുടെ അളവും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) കള്ളക്കടത്ത് കണ്ടുപിടിക്കപ്പെട്ടതിനെ തുടര്‍ന്ന് 2011 മേയ് മാസത്തിനുശേഷം ലൈസന്‍സ് സസ്പെന്‍ഡ് ചെയ്ത റേഷന്‍ കടകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ഇതില്‍ എത്ര കടകളുടെ സസ്പെന്‍ഷന്‍ പിന്നീട് പിന്‍വലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതുമായി ബന്ധപ്പെട്ട് വകുപ്പിലെ എത്ര ജീവനക്കാരുടെ പേരില്‍ ഇതുവരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്; നടപടി തസ്തിക തിരിച്ച് വ്യക്തമാക്കുമോ ; ഇതില്‍ എത്ര ജീവനക്കാരുടെ പേരിലുള്ള നടപടി പിന്നീട് പിന്‍വലിച്ചിട്ടുണ്ട് ; വിശദാംശങ്ങള്‍ നല്‍കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ഉപഭോക്തൃ കോടതിയുടെ ക്യാമ്പ് സിറ്റിംഗ്</u>

4538 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ ഉപഭോക്തൃകോടതിയുടെ ക്യാമ്പ് സിറ്റിംഗ് അനുവദിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>മാതൃകാപ്രമാണം</u>

4539 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പൂർത്തീകരിക്കുന്നതിൽ കാലതാമസം എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ വകുപ്പിൽ ഏതൊക്കെ തരം ഇടപാടുകൾക്കാണ് മാതൃകാപ്രമാണം നടപ്പാക്കാൻ മന്ത്രിസഭ അംഗീകാരം നൽകിയിരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) മാതൃകാപ്രമാണം നിലവിൽ വരുമ്പോൾ രജിസ്ട്രേഷന്റെ നടപടിക്രമങ്ങൾ എന്തൊക്കെയായിരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മാതൃകാപ്രമാണം എന്നുമുതൽ നിലവിൽ വരും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ഭൂമി രജിസ്ട്രേഷൻ ചട്ടങ്ങളിലെ പരിഷ്കാരങ്ങൾ</u>

4540 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി രജിസ്ട്രേഷൻ ചട്ടങ്ങളിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

**ആലപ്പുഴ സബ് രജിസ്ട്രാർ ജില്ലാ രജിസ്ട്രാർ ഓഫീസുകൾ മാറ്റി സ്ഥാപിക്കാൻ നടപടി**

4541 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ ജില്ലാ രജിസ്ട്രാർ ഓഫീസിനും സബ് രജിസ്ട്രാർ ഓഫീസിനും വേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായോ; കെട്ടിടത്തിന്റെ ഉദ്ഘാടനം എന്നു നടത്താൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) ജില്ലാ രജിസ്ട്രാർ ഓഫീസും സബ് രജിസ്ട്രാർ ഓഫീസും പുതിയതായി നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

കക്കോടി സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം

4542 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കോടി സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കെട്ടിടം പണിയുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>ആധാര പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്ന പദ്ധതി</u>

4543 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാര പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിക്കുവേണ്ടി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്;

(ഇ) പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ആധാരങ്ങളിലെ അണ്ടർ വാല്യുവേഷൻ</u>

4544 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. രാജു
,, വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അണ്ടർ വാല്യുവേഷൻ കണ്ടെത്തിയ ആധാരങ്ങൾക്ക് റവന്യൂ റിക്കവറി നടപടികളിലൂടെ പണം ഈടാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാലയളവിലുള്ള ആധാരങ്ങൾക്കാണ് ഇത് ബാധകമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അണ്ടർ വാല്യുവേഷൻ കണ്ടെത്തിയിട്ടുള്ളവർക്ക് അധിക ഫീസ് അടയ്ക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരുന്നതെന്ന് അറിയിക്കുമോ;

(സി) ആധാരങ്ങൾക്ക് ന്യായവില എന്നുമുതലാണ് പ്രാബല്യത്തിൽ വന്നത്; സബ്ഡിവിഷൻ നമ്പരിന് ന്യായവില രജിസ്റ്ററിൽ വില ഉൾപ്പെടുത്താനും കെട്ടിടമുള്ള എല്ലാ ആധാരങ്ങളും അണ്ടർ വാല്യുവേഷനിൽ ഉൾപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ടോ;

(ഡി) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്ര ആധാരങ്ങളെ അണ്ടർ വാല്യുവേഷനിൽ ഉൾപ്പെടുത്താൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

സബ്രജിസ്ട്രാർ ഓഫീസുകളിലെ ഓൺലൈൻ സംവിധാനം

4545 ശ്രീ. എം. ചന്ദ്രൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ അപേക്ഷാസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സാധാരണക്കാരായ ജനങ്ങൾക്ക് അത്യാവശ്യമായിട്ടുള്ള സർട്ടിഫിക്കറ്റുകൾക്കുവേണ്ടിയുള്ള അപേക്ഷകൾ ഓൺലൈനിലൂടെ മാത്രമാക്കിയതുമൂലം വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപേക്ഷാ ഫാറത്തിന് എത്ര രൂപയാണ് മുമ്പ് ഈടാക്കിയിരുന്നത് ;

(ഡി) ഓൺലൈൻ അപേക്ഷ നൽകാൻ സാങ്കേതിക വിദ്യയിൽ പ്രാപ്തിയില്ലാത്ത ജനങ്ങൾക്ക് വൻതുക ചെലവഴിക്കേണ്ടി വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?